**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6511** **10-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന സഹായങ്ങൾക്കുള്ള വരുമാനപരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന സഹായങ്ങൾക്ക് വരുമാനപരിധി മാനദണ്ഡമാക്കുമ്പോൾ അർഹതപ്പെട്ട പലർക്കും സഹായം നിഷേധിക്കപ്പെടുന്നതായ ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കുന്ന വിവിധ ക്ഷേമ പദ്ധതികൾക്ക് വരുമാനപരിധി മാനദണ്ഡമാക്കുമ്പോൾ ഏറ്റവും അടിസ്ഥാന വിഭാഗത്തിന് ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിന് സാധ്യമാകുന്നതാണ്. വരുമാന പരിധി നിശ്ചയിക്കുമ്പോൾ അർഹരായവർക്ക് സഹായം നിഷേധിക്കപ്പെടാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപ വരെയുള്ള പട്ടികജാതി വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് 40% സംസ്ഥാനവും 60% കേന്ദ്രവുമാണ് വഹിക്കുന്നത്. എന്നാൽ കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക പൂർണ്ണമായും സംസ്ഥാന സർക്കാർ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ